**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2595** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. ഉദ്യോഗസ്ഥർ കോഴ വാങ്ങിയതായ പരാതിയിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ വേസ്റ്റ് ഓയിൽ കമ്പനിയിൽ നിന്ന് ജി. എസ്. ടി. വകുപ്പ് ഉദ്യോഗസ്ഥർ കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (എ) | കാസർഗോഡ് ജില്ലയിലെ വേസ്റ്റ് ഓയിൽ കമ്പനിയിൽ നിന്ന് ജി. എസ്. ടി. വകുപ്പ് ഉദ്യോഗസ്ഥർ കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട് പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പരാതിക്കെതിരെ ഇതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിലെ വേസ്റ്റ് ഓയിൽ കമ്പനിയിൽ നിന്ന് ജി. എസ്. ടി. വകുപ്പ് ഉദ്യോഗസ്ഥർ കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട് പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | ഇതു സംബന്ധിച്ച് എറണാകുളത്തെ ജോയിന്റ് കമ്മീഷണർ ഓഫ് ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റിൽ നിന്ന് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നൽകാമോ; | (സി) | കാസർഗോഡ് ജില്ലയിലെ വേസ്റ്റ് ഓയിൽ കമ്പനിയിൽ നിന്ന് ജി. എസ്. ടി. വകുപ്പ് ഉദ്യോഗസ്ഥർ കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട് പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | പരാതി നൽകിയ കമ്പനിക്കെതിരെയും ചില മാധ്യമങ്ങൾക്കെതിരെയും തെറ്റായതും അസത്യവുമായ വാർത്തകൾ പ്രചരിപ്പിച്ചതിന് നിയമ നടപടി സ്വീകരിക്കാൻ ജി. എസ്. ടി. എൻഫോഴ്സ്മെന്റ് ഓഫീസറിൽ നിന്ന് എന്തെങ്കിലും നിർദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | കാസർഗോഡ് പ്രവർത്തിക്കുന്ന പെട്രോലിവ് പെട്രോളിയം എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് എറണാകുളം എൻഫോഴ്സ്മെന്റ് ഓഫീസർ-1 നെതിരെ മലയാള മനോരമ, ഏഷ്യാനെറ്റ് ന്യൂസ് എന്നീ മാധ്യമങ്ങളിൽ വന്ന വാർത്തകൾ തെറ്റാണെന്നും പ്രസ്തുത മാധ്യമങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടി ഓഫീസർ ഉചിതമാർഗേണ ഒരു കത്ത് സംസ്ഥാന നികുതി കമ്മീഷണർക്ക് സമർപ്പിച്ചിരുന്നു. ആയത് കമ്മീഷണർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ